ഭരണഭാഷ-മാതൃഭാഷ

**നം.ഫിൻ.സി5/27513/2016/എച്ച്.എസ്.ഇ.**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.
തീയതി : 14/07/2017.

## സർക്കുലർ

വിഷയം: ഹ.സെ.വി.വ - ഫിനാൻസ് - ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് സംബന്ധിച്ച്:-

വൊക്കേഷണൽ ഹയർ സെക്കന്ററി, IT @ സ്കൂൾ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വയനാട് ജില്ലയിലെ താഴെ ചേർത്ത സ്കൂളുകളിൽ ഹാർഡ് വെയർ ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുള്ളതായി കെൽട്രോണിലെ സീനിയർ എഞ്ചീനിയർ അറിയിച്ചിട്ടുണ്ട്.

1. ജി.വി.എച്ച്.എസ്.എസ്., അമ്പലവയൽ
2. ഗവ. വി.എച്ച്.എസ്.എസ്. (ടി.എച്ച്.എസ്.എസ്.) തിരുനെല്ലി, സുൽത്താൻ ബത്തേരി

വയനാട് ജില്ലയിലെ ഗവൺമെന്റ് ഹയർ സക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ അതത് സ്കൂളുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ മേൽ സൂചിപ്പിച്ച ക്ലിനിക്കിൽ എത്രയുംവേഗം തന്നെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രിൻസിപ്പൽമാർ ഹാർഡ്വെയർ ക്ലിനിക്കുകളുടെ ചുമതലയുള്ള സാങ്കേതിക വിദഗ്ധരുമായി ബന്ധപ്പെട്ട് (ടെലഫോൺ നമ്പർ- 7994265474) കമ്പ്യൂട്ടറുകൾ എത്തിക്കുന്നതിനുള്ള സമയക്രമം നിശ്ചയിക്കേണ്ടതും അറ്റകുറ്റപ്പണികൾക്കായി നൽകിയതും തിരികെ ലഭിക്കുന്നതുമായ കമ്പ്യൂട്ടറുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്/-
സീനിയർ ഫിനാൻസ് ഓഫീസർ ഇൻ-ചാർജ്ജ്

പകർപ്പ്:

1. ഡയറക്ടർ, IT @ സ്കൂൾ
2. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ